**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4627** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിക്കായി റോഡ് കുഴിക്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനും മറ്റും എം.ഒ.ആർ.റ്റി.എച്ച്. അനുമതി നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കുഴിക്കുന്നതിനും മറ്റും എം.ഒ.ആർ.റ്റി.എച്ച്. അനുമതി ലഭിക്കുന്നതിനു ഗണ്യമായ കാലതാമസം ഉണ്ടാകുന്നുണ്ട്. ചില പ്രവൃത്തികൾക്ക് അനുമതി ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. |
| (ബി) | ഇക്കാരണത്താൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വാഴൂർ , ചിറക്കടവ് പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരണത്തിന് എം.ഒ.ആർ.റ്റി.എച്ച് അനുമതി ലഭിക്കാത്തതിനാൽ തടസ്സം നേരിടുന്നുണ്ട്. ബന്ധപ്പെട്ട പ്രവൃത്തിയിൽ കൊടുങ്ങൂർ ജംഗ്ഷനിൽ NH 183 റോഡിന് കുറുകെ പൈപ്പ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ദേശീയപാത വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുമെന്ന കാരണം പറഞ്ഞു അപേക്ഷ നിരാകരിച്ചു. പ്രസ്തുത പൈപ്പ് ലൈൻ സ്ഥാപിച്ചാൽ മാത്രമേ വാഴൂർ, ചിറക്കടവ് പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ |
| (സി) | പ്രസ്തുത തടസ്സം നീക്കി 2024-ൽ അവസാനിക്കുന്ന പദ്ധതി യഥാസമയം പൂർത്തിയാക്കുന്നതിന് എം.ഒ.ആർ.റ്റി.എച്ച്. അധികൃതരുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | കോട്ടയം സർക്കിളിനു കീഴിൽ എം.ഒ.ആർ.റ്റി.എച്ച് അധികൃതരുമായി നിരവധി തവണ ഈ വിഷയത്തെ സംബന്ധിച്ച് ചർച്ച നടന്നിട്ടുണ്ട്. ഉന്നത ഉദ്യോഗസ്ഥരും, കോട്ടയം ജില്ലാ കളക്ടറും വിളിച്ച് ചേർത്ത യോഗത്തിൽ എം.ഒ.ആർ.റ്റി.എച്ച് - ൽ നിന്നുള്ള ഉദ്യോഗസ്ഥർ ഹാജരായില്ല. ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി കേന്ദ്ര ജലശക്തി മിനിസ്ട്രിയുടെ IMIS പോർട്ടലിൽ വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ